**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** **19-01-2021 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Dr.K.T.Jaleel**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്ക് കോളേജാക്കി ഉയർത്തണമെന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനെ നിലനിർത്തിക്കൊണ്ട് ടി സ്ഥാപനത്തിൻെറ പരിസരത്ത് തന്നെ പോളിടെക്നിക്ക് ആരംഭിക്കുന്നതിലേക്കായി അവിടെ ബ്രാഞ്ചുകൾ, തസ്തികകളുടെ എണ്ണം , ഭൂമിയുടെ ലഭ്യത തുടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിലേക്കായി എസ്റ്റിമേറ്റുൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |
| (ബി) | പോളിടെക്നിക്ക് കോളേജാക്കി ഉയർത്തണമെന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സ്പെഷ്യൽ ഒാഫീസറെ നിയമിച്ച് കൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടായിട്ടില്ല. എന്നാൽ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ശ്രീ. മുഹമ്മദ് മുസ്തഫയെ , കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക്ക് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിരുന്നു. ടിയാൻ 21.01.2019 ൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടിയാൻ വിരമിക്കലിന് മുന്നോടിയായി ലീവിൽ പ്രവേശിച്ച സാഹചര്യത്തിൽ, സ്ഥാപനം തുടങ്ങുന്നതിലേക്കാവശ്യമായ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ആയ ശ്രീ.സജീവ്.പി.എസി.നെ ചുമതലപ്പെടുത്തിയിരിക്കുകയാണ് . |
| (സി) | ഇത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ ഫയലുകളുടെ പകർപ്പ് | (സി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിലെയും ഫയലുകളുടെ പകർപ്പ് |

| | | | |
|---|---|---|---|
| | ലഭ്യമാക്കുമോ; | | അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പ്രാഥമിക റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ